Santhigiri

ഉമ്മിണിതങ്കം

VOL 05 | ISSUE 19 | 2019 മെയ് 12 | 1194 മേടം 28

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

ഗുരുവാണി

' നിങ്ങൾക്ക് രണ്ടു സന്താനങ്ങളേയുള്ളുവെങ്കിൽ രണ്ടും ഒരുമയുള്ളതായിരിക്കട്ടെ. പത്തെണ്ണമുണ്ടെങ്കിൽ പത്തും.'




നവഒലിജ്യോതിർദിന സമ്മേളനം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

# നവഒലിജ്യോതിർദിനം ഭക്തിസാന്ദ്രമായി ആഘോഷിച്ചു

**സ്പിരിച്വൽ സോൺ:** നവഒലിജ്യോതിർദിനം–20 സർവ്വമംഗളസുദിനം മെയ് 6ന് ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ആഘോഷിച്ചു. 72 ദിവസത്തെ വ്രതാനുഷ്ഠാനങ്ങൾ പൂർത്തിയായ തിങ്കളാഴ്ച രാവിലെ 5ന് പ്രത്യേക പുഷ്പാഞ്ജലിയോടെ ചടങ്ങുകൾ ആരംഭിച്ചു. 6ന് അഖണ്ഡനാമജപത്തോടെ താമരപർണശാലയിൽ ധ്വജം ഉയർത്തി. ഉച്ചയ്ക്ക് 12 ന് ആരാധനയ്ക്ക് ശേഷം ദർശന മന്ദിരത്തിൽ ഗുരുദർശനം നടന്നു. വൈകിട്ട് 6.45 ന് യജ്ഞശാലയിൽ നിന്ന് ആരംഭിച്ച ദീപപ്രദക്ഷിണം ആശ്രമസമുച്ചയം വലം വച്ച് ഗുരുപാദങ്ങളിൽ സമർപ്പിച്ചു. ആയിരക്കണക്കിന് ഭക്തജനങ്ങൾ പങ്കെടുത്തു. മുത്തുക്കുട, പഞ്ചവാദ്യം, ചെണ്ടമേളം, നാദസ്വരം എന്നിവയുടെ അകമ്പടി ദീപപ്രദക്ഷിണത്തിന് മാറ്റേകി. രാത്രി 10ന് വിശ്വസംസ്കൃതി കലാരംഗത്തിന്റെ ആഭിമുഖ്യത്തിൽ കലാപരിപാടികൾ നടന്നു.

രാവിലെ 11 മണിക്ക് നടന്ന നവഒലിജ്യോതിർദിന സമ്മേളനം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. എല്ലാ മതങ്ങളുടേയും ആത്മസത്ത ഒരു ബിന്ദുവിൽ കേന്ദ്രീകരിപ്പിച്ച് ഒരു പുതിയ കാഴ്ചപ്പാട് ലോകത്തിന് തുറന്നു നൽകിയ ദിവ്യജ്ഞാനിയാണ് നവജ്യോതി ശ്രീകരുണാകരഗുരുവെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. ലോകശാന്തിക്കായി ഒരു പുതിയ പ്രകാശം ഗുരു നൽകി. സി. ദിവാകരൻ എം.എൽ.എ അദ്ധ്യക്ഷനായിരുന്നു. ശരിയായ ആത്മീയത പുതിയ മനുഷ്യനെ സൃഷ്ടിക്കുന്നതായി അദ്ദേഹം പറഞ്ഞു. അന്താരാഷ്ട്ര യോഗാ മൂവ്മെന്റ് സ്ഥാപകൻ ഗുരു ദിലീപ്ജി മഹാരാജ് മുഖ്യാതിഥിയായിരുന്നു. ശാന്തിഗിരി ഒരു കൽപ്പിത സർവകലാശാലയായി ഉയരേണ്ടതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി എന്നിവർ പൊന്നാട അണിയിച്ച് അദ്ദേഹത്തെ ആദരിച്ചു. ചടങ്ങിൽവച്ച് ജനനി സുപഥ ജ്ഞാനതപസ്വിനി രചിച്ച 'കണ്ണീരിന്റെ ഉപ്പിന് ഇന്ന് മധുരം' എന്ന പുസ്തകം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ പത്മശ്രീ മുഹമ്മദ് കെ.കെയ്ക്ക് നൽകി പ്രകാശനം ചെയ്തു. ശാന്തിഗിരി ആദ്ധ്യാത്മിക മാസിക തമിഴ് പതിപ്പ് മുൻ ഡെപ്യൂട്ടി സ്പീക്കർ പാലോട് രവി മുൻ എം.എൽ.എ. കോലിയക്കോട് എൻ.കൃഷ്ണൻ നായർക്ക് നൽകി പ്രകാശനം ചെയ്തു.കൂടാതെ ഏഷ്യാനെറ്റ് റിപ്പോർട്ടർ സുജയപാർവതിയേയും ചടങ്ങിൽ ആദരിച്ചു.

ബി.ജെ.പി സംസ്ഥാന കമ്മിറ്റി ജനറൽ സെക്രട്ടറി എ.എൻ രാധാകൃഷ്ണൻ, കെ.പി.സി.സി. എക്സിക്യൂട്ടീവ് മെമ്പർ അഡ്വ.ഡി.വിജയകുമാർ, വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി.ചന്ദ്രൻ, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷാനിഫ ബീഗം, മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്.സുജാത,പോത്തൻകോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.വേണുഗോപാലൻ നായർ, കുതിരകുളം ജയൻ, അഡ്വ. വെമ്പായം അനിൽകുമാർ, ഡോ.ജി.ആർ. കിരൺ, ഡോ.റ്റി.എസ്. സോമനാഥൻ, എം. ബാലമുരളി, കോലിയക്കോട് മഹീന്ദ്രൻ, അഡ്വ. എസ്.രാധാകൃഷ്ണൻ, ആർ. സഹീറത്ത് ബീവി, എസ്.സുധർമ്മണി, ഇ.എ.സലീം, എം.എസ്. രാജു, ഷോഫി കെ, കെ. കിരൺദാസ്, റ്റി. മണികണ്ഠൻ നായർ, പോത്തൻകോട് ബാബു, പോത്തൻകോട് റാഫി, ഡോ.എം. മുരളീധരൻ, ഡോ. ഹേമലത പി.എ, സത്പ്രഭ എം.പി., സുകൃത എ. തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായാണ് പരിപാടികൾ നടന്നത്. മെയ് 7ന് വൈകുന്നേരം നടന്ന ദിവ്യപൂജാസമർപ്പണത്തോടെ നവഒലിജ്യോതിർദിനാഘോഷങ്ങൾ സമാപിച്ചു.



നവഒലിജ്യോതിർദിനം ദീപം പ്രദക്ഷിണം

# ഗുരുവാണി

എന്താണു കർമം? കഴിഞ്ഞുപോയതും നിലവിലിരിക്കുന്നതും വരാനിരിക്കുന്നതുമായ ഗുണദോഷസമ്മിശ്രമായ കർമത്തിന്റെ പരിചയം. ഈ കർമപരിചയം ലോകത്തിനുവേണ്ടി ഒരുക്കേണ്ടത് ഗുരുവോ രാജാവോ ഭരണകൂടമോ ആണ്. ഇത് ചെയ്തൊതുക്കേണ്ടത് സമകാലീനരാണ്. ഇത്ര ഗഹനമായിട്ടാണോ നമ്മളും ഭരണാധികാരികളും ചിന്തിക്കുന്നത്? ആശയം ഈ നിലയിൽ ചിന്തിച്ച് പ്രവർത്തിച്ചെടുക്കുന്ന ഒരാളേ വിശ്വാസിയാകുന്നുള്ളൂ. വിശ്വാസമെന്നാൽ എനിക്കുള്ള വിശ്വാസം, നിനക്കുള്ള വിശ്വാസം - അങ്ങനെയല്ല. വിശ്വാസത്തിൽ കളങ്കം ചേർക്കരുത്. ഒരു കാര്യത്തിനുവേണ്ടിയും മറ്റൊരാളുടെ സ്നേഹം ആർജ്ജിക്കുന്നതിനുവേണ്ടിപ്പോലും വിശ്വാസത്തിൽ കളങ്കം ചേർക്കരുത്. എന്തെന്നാൽ നമുക്ക് നമ്മുടെ ജീവനോടുള്ള സ്നേഹത്തിനും പരമ്പരയോടുള്ള സ്നേഹത്തിനും നാം വിലകൽപിക്കണം.

നാം പ്രവർത്തിച്ചു തുടങ്ങുമ്പോൾ എന്തെല്ലാം ദുഃഖങ്ങളായിരിക്കും നമ്മെ പിന്തുടരുക. സുഖമോ ദുഃഖമോ നല്ലതോ ചീത്തയോ എന്തോ വന്നോട്ടെ, എന്തായാലും അതു നമ്മുടേത്. ഇങ്ങനെയുള്ള ഒരറിവിന്റെ സ്ഥാനത്തേക്ക് ഉയർന്ന് നാം ചിന്തിച്ചിട്ടില്ല. അഥവാ ആരെങ്കിലും അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അവരെ നശിപ്പിക്കുകയാണ് നാം ഇതുവരെ ചെയ്തിരിക്കുന്നത്. എന്നുമാത്രമല്ല ആണിനോ പെണ്ണിനോ വളരാൻ വയ്യാത്തവിധം വീടൊരുക്കങ്ങളും നാടൊരുക്കങ്ങളും നടത്തിയിട്ട് അറിവുകേടിന്റെ സ്ഥാനത്തേക്കാണ് മനുഷ്യകുലം എത്തിയിട്ട് പരസ്പരം ബലപരീക്ഷണം നടത്തുന്നത്. ഈ ബലപരീക്ഷകൊണ്ട് ആർക്കെന്തുകിട്ടും? നമ്മുടെ ഓരോരുത്തരുടെയും ആഗ്രഹമനുസരിച്ചുള്ള നേട്ടങ്ങളുണ്ടാക്കാം എന്നുവിചാരിക്കുക. പക്ഷേ ആ നേട്ടങ്ങൾ നമ്മുടെ കുഞ്ഞുങ്ങളിലേക്ക് വരുമ്പോൾ എന്തായിമാറും? തമ്മിൽത്തല്ലും കൊലയും കൊള്ളയും എങ്ങും അന്വേഷിച്ചുപോകാതെ നമ്മുടെ വീട്ടിൽത്തന്നെ ഇരിക്കുന്നതായി കാണാം. ഒരിക്കലും ഒരു നല്ല പെൺകുട്ടിയെ വളർത്തിയെടുക്കാനോ അവളൊരു അമ്മയായിത്തീരുമ്പോൾ അച്ഛന്റെ അറിവും അമ്മയുടെ സ്നേഹവും വാത്സല്യവും ചേർത്ത് കുഞ്ഞുങ്ങൾക്കു പകരാനോ, അങ്ങനെ ലോകത്തിന് വെളിച്ചംപകരുന്ന സന്തതികൾക്ക് ജന്മംനൽകാനോ കഴിയാത്ത ഗതികേട് വന്നുചേരുന്നു. കാരണം അമ്മ പറയുന്നത്, അമ്മ ചെയ്യുന്നതുപോലെയായിരിക്കണം കുഞ്ഞുങ്ങൾ. അച്ഛൻ പറയുന്നത്, അച്ഛൻ ചെയ്യുന്നതുപോലെയായിരിക്കണം കുഞ്ഞുങ്ങൾ. ഇങ്ങനെ സകല അമ്മമാരും സകല അച്ഛന്മാരും പൊരുതിയിരിക്കുകയാണ്.

ഇവിടെ നാം എന്തുചെയ്യും? പൊരുതി ജയിക്കുകമാത്രം ചെയ്യുന്ന ഒരു കർമത്തിൽ എത്തിനിന്നാൽ നമുക്ക് ഒന്നും ചെയ്യാൻ കഴിയുകില്ല. ഇതിനെ മാറ്റംചെയ്യാൻ നമ്മുടെ പിറകിൽ എന്തുനടന്നു എന്നുകണ്ടിട്ട്, അതിന്റെ പിന്നിൽ സ്വയം കെട്ടിയിടാതെ മുമ്പോട്ടുപോകുക. അച്ഛനും അമ്മയും മക്കളും ഒരുമിച്ച് മുന്നോട്ടുപോകാൻ ശ്രമിക്കണം. നാം ഓരോരുത്തരും ഒരു കരുതൽ സൂക്ഷിച്ചില്ലെങ്കിൽ ഒരിക്കലും നമുക്കു രക്ഷപ്പെടാൻ കഴിയില്ല. നമ്മുടെ കഴിഞ്ഞുപോയ ദുരിതങ്ങൾ, ചക്രവർത്തിപദംപോലുള്ള ഭരണകൂടങ്ങൾ ചെയ്തുവച്ച കർമഗതിയുടെ നന്മതിന്മകളെ ഒരുമിച്ചെടുക്കുകയല്ല, മറിച്ച് തിന്മ നമ്മുടെ കയ്യിൽ വരാതെ നന്മയുടെ നിലനിൽപ് എന്തായിരിക്കണം എന്നു ചിന്തിച്ചറിയണം. അതിന് അച്ഛനമ്മമാർ ആയിത്തീരുമ്പോൾ എന്തായിരിക്കണമെന്ന ഒരു കരുതൽ ആവശ്യമെന്നല്ല, അത്യന്താപേക്ഷിതമാണ്. അതിന്റെ അടിസ്ഥാനഘടകമായി ഈ ആശ്രമത്തിൽ ചെയ്യുന്ന കർമം എന്താണെന്നു നിങ്ങൾ അറിയണം. നിങ്ങളുടെ ദേവനെയും പിതൃവിനെയും ഋഷിയെയും നിങ്ങളുടെ കർമത്തിന്റെ സ്വാധീനത്തിൽനിന്നും മാറ്റിയിട്ട്, ആ സ്ഥാനത്ത് നിങ്ങളുടെ കർമം മുന്നിൽ വരുത്തുകയാണ്. അത്, പക്ഷേ നിങ്ങൾ അറിയുന്നില്ല. നിങ്ങളുടെ വാസനയെ ദുഷിപ്പിക്കുന്ന പിതൃ നിങ്ങൾക്കുണ്ടെങ്കിൽ, അതിൽനിന്നു പിതൃവിനെയും അതുവഴി നിങ്ങളെയും മോചനപ്പെടുത്തുകയാണ്. ഇതു നിങ്ങൾക്കോ നിങ്ങളുടെ വീടിനോ നിങ്ങളുടെ ഭരണകൂടത്തിനോ നിങ്ങൾ പിൻതുടർന്നുവന്നിരിക്കുന്ന ആരാധനയ്ക്കോ ആർക്കെങ്കിലും ചെയ്യാനൊക്കുന്നതാണോ? നിങ്ങൾതന്നെ നിങ്ങളെ നശിപ്പിക്കുന്ന കർമഗതിയിൽ നിന്ന് ശാശ്വതമായി മാറ്റം ചെയ്ത്, ഓരോ ജീവിതത്തെയും പുണ്യത്തിൽ പെടുത്തി, ഭാഗ്യത്തിൽ പെടുത്തി, ധർമത്തിൽ പെടുത്തി ധന്യതപ്പെടുത്തുകയാണ് ഈ ആശ്രമധർമം.

## വചനദീപ്തി

*നാം ആന്തരികമായ ശാന്തി കൈവരിക്കുന്നത് എല്ലാ ദുഷ്കൃത്യങ്ങളും നമ്മുടെ ഗുരുവിന്റെ പാദങ്ങളിൽ സമർപ്പിക്കുമ്പോഴാണ്. കാരണം ഗുരുവാണ് സാക്ഷാത്കൃതമായ പരബ്രഹ്മം. ഗുരുവാണ് ശാന്തിസ്വരൂപം.*

**എ.പി.ജെ.അബ്ദുൾ കലാം**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

17.05.2019 – ജനസേവികപുരം

## യാമപ്രാർത്ഥന

2019 മെയ് 16 : 3 PM - 6PM

## പൗർണ്ണമി

2019 മെയ് 18, ശനി



# വർണ്ണിക്കാനാവാത്ത ഗുരുമഹിമ

എന്റെ ഒമ്പതാമത്തെ വയസ്സിലാണ് എനിക്കാദ്യമായി ഗുരുവിനെ കാണാൻ കഴിഞ്ഞത്. ശൂദ്രസംസ്കാരത്തിന്റെ പ്രതീകമായ കുടുംബമായിരുന്നു എന്റേത്. അങ്ങനെയൊരു ചുറ്റുപാടിലാണ് ഞാൻ വളർന്നതെങ്കിലും കുട്ടിപ്രായത്തിൽത്തന്നെ ഭക്തിപരമായ കാര്യത്തിൽ ഞാൻ തൽപരയായിരുന്നു. ഞാൻ ക്ഷേത്രങ്ങളെയും ആശ്രമങ്ങളെയും പള്ളികളെയും ഒരേ കാഴ്ചപ്പാടിൽത്തന്നെ വീക്ഷിച്ചിരുന്നു. ഈ എല്ലാ സ്ഥലങ്ങളിലും പോവുക പതിവുമായിരുന്നു. ഈ അവസരത്തിലാണ് ഗുരുവിനെ കാണാൻ ഇടയായത്. ഗുരു എന്റെ സങ്കല്പത്തിലെ സന്ന്യാസി അഥവാ സ്വാമിതന്നെയായിരുന്നു. കാരണം എന്റെ സങ്കല്പത്തിൽ ഒരു സന്ന്യാസി എന്നത്, ഇന്നു സാധാരണ കാണുന്ന വേഷ-ഭൂഷാദികളോ യന്ത്രതന്ത്രാദികളോ ഒന്നും തന്നെ ആയിരുന്നില്ല. അതുകൊണ്ട് അത്തരമൊരു ഭാവന ഞാൻ സന്ന്യാസിക്കു കൊടുത്തിരുന്നതുമില്ല.

ഗുരുവിനെ ആദ്യം കാണുമ്പോൾത്തന്നെ എന്റെ മനസ്, എന്തുകൊണ്ടാണെന്നറിയില്ല, ഒരു ആർദ്രതപകർന്നു. ഒരു നിർവികാര ചിന്ത എന്നു പറയുന്നതാവും കൂടുതൽ ശരി. ഈശ്വരന്റേതായ സങ്കല്പംതന്നെ കൊടുക്കാൻ കഴിഞ്ഞു. സർവചരാചരങ്ങളിലും തൂവെള്ളവസ്ത്രം ധരിച്ച ഈ അഭൗമരൂപം സ്നേഹമയമായി ത്തോന്നി. എന്റെ മനസ്സിൽ നിന്നും ആ രൂപം ഒരിക്കലും മായാതെനിന്നു. ഗുരുവുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം ഗുരു പറഞ്ഞു, "നിങ്ങൾ ഉപാസിക്കുന്ന ആരാധനാമൂർത്തി (മുരുകൻ) ജാഗ്രത്തിലോ സ്വപ്നത്തിലോ വന്ന് ഇതിന്റെ സത്യം വെളിപ്പെടുത്തും. അങ്ങനെ എന്തെങ്കിലും അനുഭവങ്ങൾ ഉണ്ടാകുമ്പോൾ ഇങ്ങുവന്നു പറയണം. അല്ലെങ്കിൽ പ്രയോജനമില്ല." മൂന്നാം ദിവസം ചുവപ്പും മഞ്ഞയും കൂടിച്ചേർന്ന ഒരു പ്രകാശത്തിൽ മുരുകൻ പ്രത്യക്ഷത്തിൽ വന്നു പറഞ്ഞു: "ഈ മാർഗം നല്ലതാണ്, അന്ത്യം വരെയും ഇതിൽ വിശ്വസിച്ചു പോകണം, എനിക്ക് കൂടുതലായി യാതൊന്നും തരാനില്ല, വേണ്ടതെല്ലാം അവിടെയുണ്ട്". അതിനെത്തുടർന്ന് വീട്ടിൽ എല്ലാവർക്കും ചെറിയനിലയിൽ അനുഭവം ഉണ്ടായിത്തുടങ്ങി. എല്ലാവർക്കും ഇതിന്റെ സത്യമെന്താണെന്ന് അല്പമായെങ്കിലും മനസ്സിലാക്കാൻ കഴിഞ്ഞു. സത്യമെന്ന നിലയിൽത്തന്നെ തുടർച്ചയായി അനുഭവങ്ങൾ ഉണ്ടായി. അനന്തരം ഗുരുവിനെക്കണ്ട് ദർശനങ്ങൾ തിരുത്തി. പിന്നെപ്പിന്നെ എനിക്ക് കാഴ്ചയുണ്ടായിക്കഴിഞ്ഞാൽ മനസ്സിനും ശരീരത്തിനും താങ്ങാൻ കഴിയാതെയായി. അങ്ങനെ വന്നപ്പോൾ സ്ഥിരമായി ആശ്രമത്തിൽ ഗുരുസാമീപ്യത്തിൽ ജീവിക്കണമെന്ന ആഗ്രഹമുണ്ടായി.

അങ്ങനെ 1971-ലെ മേടമാസം 14-ാം തീയതി എന്റെ ആശ്രമജീവിതം ആരംഭിച്ചു. ആ അവസരങ്ങളിലൊക്കെ ആശ്രമത്തിൽ എന്നും പൂർത്തീകരണം, അവസ്ഥാമാറ്റം, ദൈവത്തിൽ നിന്നും അശരീരിയായി വാക്കു കിട്ടുക, അതനുസരിച്ചു കുറച്ചു ദിവസം പ്രാർത്ഥന നടത്തുക ഇങ്ങനെയൊക്കെയായിരുന്നു. ഒരു ദിവസം രാവിലെ ബ്രഹ്മത്തിൽ നിന്നും അശരീരിയുണ്ടായി, എല്ലാവരും കുളിച്ചു ശുദ്ധമായി പ്രാർത്ഥിക്കണം എന്ന്. വൈകുന്നേരം അഞ്ചുമണിക്ക് ഞാൻ വരുമെന്നും പറഞ്ഞു. എല്ലാവിധ കനിവുകളോടുകൂടിയും ബ്രഹ്മപ്രകാശം വന്നു നിന്നു പറഞ്ഞു, യുഗാന്തരങ്ങളായി ഞാൻ ആഗ്രഹിച്ചിരുന്ന കാര്യം സഫലമായി എന്ന്. ലോകാന്ത്യം വരെ ഈ ഗുരുപരമ്പര നിലനിൽക്കുമെന്നും അറിയിച്ചു. യുഗാന്തരങ്ങളായി ഓരോ കർമം ചെയ്യിച്ചു പൂർത്തിയാക്കി, അതിന്റെ സത്തമാത്രം എടുത്തുമാറ്റി നിറുത്തിയിരുന്ന ഒരു ജീവനാണെന്നും എന്തും ചോദിച്ച് അറിയാനുള്ള അധികാരം ഈ പരമ്പരയ്ക്കല്ലാതെ മറ്റൊരു പരമ്പരയ്ക്കും ഇതുവരെ കൊടുത്തിരുന്നില്ലെന്നും അറിയിച്ചു, അനുഗ്രഹിച്ചു.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# അക്ഷയമായ ജ്ഞാനം

അനേകായിരം കുടുംബങ്ങൾ അടങ്ങുന്നതാണ് ശാന്തിഗിരി വിശ്വാസി പരമ്പര. ഈ പരമ്പരയിലെ ഓരോ വ്യക്തിയും ഓരോ തരത്തിൽ സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ താൻ ആര്, ഗുരു ആര് എന്ന് തിരിച്ചറിഞ്ഞവരാണ്. ആകയാൽ ഭൗതികലോകത്തിലെ ശുദ്ധീകരണം അവരുടെ കർത്തവ്യബോധമാണെന്ന് അവർക്ക് ബോധ്യമുണ്ട്. ഗുരുവിന്റെ അക്ഷയമായ ജ്ഞാനത്തിന്റെയും അപരോക്ഷമായ ചൈതന്യത്തിന്റെയും അനന്തമായ കാരുണ്യത്തിന്റെയും പങ്കുപറ്റുന്നവരാണവർ. അവരുടെ ബാഹ്യവും ആന്തരികവുമായ സർവ പ്രാരാബ്ധങ്ങളെയും സ്വയം കത്തിച്ചുകളയാൻ പോന്നവിധം അനുഗ്രഹിക്കപ്പെട്ടവരാണ്. അവരുടെ തലമുറകളിലേക്ക് സംക്രമിപ്പിക്കാൻ കർമ്മപദ്ധതിയുണ്ട്, ധർമ്മപഥമുണ്ട്. എങ്കിലും ഭൗതികത്തിലെ ശുദ്ധീകരണം അത്ര എളുപ്പമല്ല. അതിന് കാരണങ്ങൾ പലതാണ്. ഒന്ന്, അവരുടെ പാരമ്പര്യം ജീർണവും ഹീനവുമാണ് എന്നതാണ്. മറ്റൊന്ന്, സാമൂഹ്യസ്ഥിതിയിലും പുണ്യഭാഗ്യങ്ങളുടെ നിലയിലും അധഃസ്ഥിതരാണ്. സമകാലീനരായി അവർക്കുചുറ്റും ജീവിക്കുന്നവർ ഈ ധർമ്മത്തിൽ നിന്ന് വളരെ വിദൂരതയിൽ വർത്തിക്കുന്നവരാണ്. വിശ്വാസികളായവർ ജന്മാന്തരങ്ങളായി ആർജ്ജിച്ചുവച്ചിരിക്കുന്ന കർമ്മദോഷമാകുന്ന പ്രതികൂലഭാവങ്ങൾ തന്നെ ധാരാളം മതിയാകും, അവരോട് മറ്റുള്ളവർക്ക് എതിർപ്പു തോന്നത്തക്കവിധം പ്രേരണ നൽകുന്നതിനായി.

ജന്മാന്തര സഞ്ചിതമായ അനേകം കർമദോഷങ്ങളുടെ മുനകളിൽ നിന്ന് സ്വന്തം മനസ്സിലും ചിന്തകളിലും വിഷം ചീറ്റുമ്പോൾ കാര്യകാരണങ്ങളെ വിശദീകരിക്കാൻ നമ്മുടെ പാരമ്പര്യങ്ങളിൽ നിന്നും ന്യായങ്ങൾ ചികഞ്ഞെടുക്കാൻ എളുപ്പമാണ്. പക്ഷേ അനിഷേധ്യമായ മറ്റൊരു സത്യമുണ്ട്. ഒരു മനുഷ്യജീവിതത്തെ സംബന്ധിച്ച അടിസ്ഥാന സമസ്യ തന്നെ അതിന്റെ അടിസ്ഥാനത്തിലാണു രൂപം കൊണ്ടിരിക്കുന്നത്.

സർവ അധികാര വിഭൂഷതകളോടുംകൂടി വൈദികാധികാരവും രാജാധികാരവും നിലനിന്നിരുന്ന ഒരു നീണ്ട കാലമുണ്ടായിരുന്നു. വിദ്യാഭ്യാസത്തിനും ധനസമ്പാദനത്തിനും ആരാധനയ്ക്കും സ്വാതന്ത്ര്യമില്ലാതെ പുറംപോക്കുകളിൽ ഒരുകൂട്ടം ജനതയും അക്കാലത്ത് ജീവിച്ചിരുന്നു. ചാട്ടയ്ക്കടിച്ചും പുച്ഛിച്ചും ദാസിയാട്ടം നടത്തിച്ചും യുദ്ധം ചെയ്യിച്ചും അടിമകളാക്കിയും ഭരിച്ച് കർമ്മം കൊണ്ട് അധഃസ്ഥിതരാക്കി ഭരണാധികാരികളും ധർമഭ്രഷ്ടാക്കളും അവരുടെ നന്മ ചോർത്തിക്കളഞ്ഞു. സ്തുതിപാടുന്നവർക്കും എറാൻമൂളികൾക്കും രക്ഷ, പ്രതിഷേധിക്കുന്നവർക്ക് ശിക്ഷ എന്ന നീതി സ്വീകരിച്ച് ഭരണമില്ലാ ഭരണം നടത്തി ദൈവശിക്ഷ ഏറ്റുവാങ്ങിയ രാജാവ് മറ്റൊരു കർമദോഷം കൂടി സ്വയം വരുത്തിവച്ചു. ഒരു സന്ന്യാസി തന്നെക്കാൾ ഉയർന്നുവരുന്നെന്നു കണ്ടാൽ സ്വയം രാജർഷി ചമഞ്ഞും നവപാഷാണങ്ങളെന്ന അംശീകരിച്ച വിഷം മാത്രകൂട്ടി വിഴുങ്ങിയും ജീവൻ നിലനിർത്താൻ വെള്ളമോ വായുവോ പോലും ആവശ്യമില്ലാത്ത സ്ഥിതി വരുത്തി ദിവ്യനായി ചമഞ്ഞും യഥാർത്ഥ സന്ന്യാസി പോലും അവഗണിക്കപ്പെടത്തക്ക നിലയിൽ ആസ്ഥാനപണ്ഡിതന്മാരെക്കൊണ്ട് സ്തുതി പാടിച്ചു. ഇന്നലെ നടന്ന ഈ അബദ്ധമാണ് ഇന്ന് ശാസ്ത്രമായി വാഴ്ത്തപ്പെടുന്നത്.

# 'സ്നേഹസുമങ്ങൾ' ക്യാമ്പ് ശ്രദ്ധേയമാകുന്നു



*ശാന്തിഗിരി ഗുരുകാന്തി ക്യാമ്പിൽ നിന്ന്*

**എജ്യൂക്കേഷൻ സോൺ :** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഗുരുകാന്തി കുരുന്നുകൾക്കു വേണ്ടി നടത്തുന്ന 'സ്നേഹസുമങ്ങൾ' സപ്തദിനക്യാമ്പ് പരിശീലകരുടെ മികവുകൊണ്ടും കുട്ടികളുടെ പങ്കാളിത്തം കൊണ്ടും ശ്രദ്ധേയമാകുന്നു. ശാന്തി മൂല്യ നൈപുണ്യവികസന പദ്ധതിയുടെ ഭാഗമായി നടക്കുന്ന ക്യാമ്പിൽ പന്തളം എൻ.എസ്.എസ്. കോളേജ് അസി. പ്രൊഫസർ ഡോ.ജി.വി. ഹരി, ജെ.സി.ഇന്റർനാഷണൽ ട്രെയിനർ പി.വി.സുരേന്ദ്രനാഥ്, ഡോ.പ്രകാശ് രാമകൃഷ്ണൻ, എം.രവീന്ദ്രൻ നായർ, ഡോ. സ്വപ്ന ശ്രീനിവാസൻ, അഞ്ജു പി.രാജ്, ഡോ.ദിവ്യാചന്ദ്രൻ തുടങ്ങിയവർ ക്ലാസ്സ് എടുത്തു. നടൻ തോന്നക്കൽ മണികണ്ഠൻ കുട്ടികളുമായി സംവദിച്ചു. മനു പൂജപ്പുരയുടെ മാജിക് ക്ലാസ്സ് ഏവരേയും ആകർഷിച്ചു. ഇന്ന് കലാകായിക മത്സരങ്ങൾ നടക്കും. മെയ് 14ന് ക്യാമ്പ് സമാപിക്കും.



*ലൈഫ് ഇൻഷുറൻസ് കോർപറേഷൻ ഓഫ് ഇന്ത്യ മാനേജിംഗ് ഡയറക്ടർ ബി വേണുഗോപാൽ ആശ്രമം സന്ദർശിച്ചപ്പോൾ*


Gurucharanam Saranam

Santhigiri

## Santhigiri Vidyabhavan Higher Secondary School

(Affiliated to DHSE, Govt.of Kerala, Thiruvananthapuram)

PH: 8113925007, 8111882399, 9946859650

Our School Toppers



Sukrutha .A



Guruprabha .G



Arjun .V.S



Dharmaja .S



Sreevisakh .S

Hearty Congratulations

Distinction - 16

PLUS ONE Admission Started

Batches : Biology Science, Computer Science
Commerce, Humanities

* Entrance coaching classes by experts from various entrance coaching centers in Kerala
* Civil service foundation course


# നവഒലിജ്യോതിർദിനം – 20









ഈ ലോകം.. ഇവിടെ ചില മനുഷ്യർ

വാമനപുരം മണി



Admission Continues...

Gurucharanam Saranam

Santhigiri

100% Result

# CBSE Class X Results -2019

*Hearty Congratulations*

## SCHOOL TOPPERS

97%




## DISTINCTION



## Subject Toppers

| Malayalam 100 | Social Science 99 | Maths 98 | English 97 | Science 95 |
|---|---|---|---|---|
| Saniya S.S. | Megha Chandran U. | Adithyan D.P | PushpamT. | Saniya S.S. |
| | Gokul Raj R. | | | Megha Chandran U. |
| | | | | Visal S. |
| | | | | Athmajan S |

## YOU MADE US PROUD



*Best Wishes From Management, Principal & Staff*


Santhigiri Vidyabhavan Senior Secondary School

(Affiliated to CBSE No. 930219) Santhigiri P O, Thiruvananthapuram – 695589

Phone : 0471-2410326, 9947047099, 8304084271





Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.

Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala